LIBRARY ARCHIVES Kerala Legislative Assembly

സെറിഫെഡ് ജീവനക്കാർ തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് വിലക്ക്

114 [2617] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിൽ കേരള സർക്കാരിന് 50 ശതമാനത്തിൽ കൂടുതൽ ഓഹരിയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം ഓഹരിയാണ് സർക്കാരിനുള്ളത് എന്നും ഏതു തീയതി മുതൽ എന്നും വ്യക്തമാക്കാമോ;

(സി) സെറിഫെഡ് ജീവനക്കാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് സർക്കാർ വിലക്കേർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) SC/HQ/HD/2000-2001/1085, Dated 23-8-2000 സർക്കുലർ പ്രകാരമുള്ള ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) മേൽപ്പറഞ്ഞ വിലക്ക് ലംഘിച്ച് ആരെങ്കിലും മത്സരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അത്തരക്കാർക്കെതിരെ നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 93.26 ശതമാനം 1-1-2001 മുതൽ.

(സി) സെറിഫെഡ് ജീവനക്കാർക്ക് പ്രത്യേകമായി സർക്കാർ വിലക്കൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ഈ ഉത്തരവ് പിൻവലിച്ചിട്ടില്ല.

(ഇ ആന്റ് എഫ്) വിവരം ശേഖരിച്ചുവരുന്നു.